# 2
# ഭാഷാപഠന സമീപനം

### ഭാഷാപഠനം - പൊതുസമീപനം

വ്യവഹാരമനഃശാസ്ത്രത്തിൽ അധിഷ്ഠിതമായ ഭാഷാപഠനരീതിയുടെ സ്ഥാനത്ത് കുട്ടിയുടെ നൈസർഗികമായ ഭാഷാശേഷി ഉപയോഗപ്പെടുത്തുന്ന സമീപനമാണ് പുതിയ പാഠ്യപദ്ധതി അവതരിപ്പിച്ചത്. ഭാഷ ഉല്പാദിപ്പിക്കുന്നതിനുള്ള കുട്ടിയുടെ കഴിവുകളും സിദ്ധികളും ഉപയോഗപ്പെടുത്തി വിവിധ വ്യവഹാരങ്ങളും സർഗാത്മകപ്രകടനങ്ങളും നടത്തുന്നതിന് അവസരം നൽകുന്നതാണ് ഈ രീതി. വിഗോട്സ്കി, ബ്രൂണർ തുടങ്ങിയ സാമൂഹ്യജ്ഞാന നിർമിതിവാദികളുടെ ആശയങ്ങളും ഭാഷാശാസ്ത്ര രംഗത്ത് നോം ചോംസ്കി നടത്തിയ കണ്ടെത്തലുകളുമാണ് ഈ സമീപനം രൂപപ്പെടുത്താൻ പ്രയോജനപ്പെടുത്തിയിരിക്കുന്നത്. ഇതോടൊപ്പം കുട്ടിയെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസപ്രക്രിയയെക്കുറിച്ച് വിദേശത്തും കേരളത്തിലും നടത്തിയ പരീക്ഷണങ്ങളുടെ അനുഭവങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. പൊതുവിൽ സാമൂഹ്യജ്ഞാനനിർമിതിവാദം, ചോംസ്കി ആവിഷ്കരിച്ച സർവഭാഷാവ്യാകരണസിദ്ധാന്തം, ഗസ്റ്റാൾട്ട് മനശ്ശാസ്ത്രം, ശിശുകേന്ദ്രീകൃത വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ, മാനവികതാദർശനം എന്നിവയുടെ സമന്വയത്തിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന ഭാഷാസമഗ്രതാദർശനമാണ് നമ്മുടെ ഭാഷാപഠന സമീപനത്തിന്റെ അടിത്തറയായി വർത്തിക്കുന്നത്.

### ഭാഷാ വ്യവഹാരരൂപങ്ങളെ അടിസ്ഥാനമാക്കുന്ന ഭാഷാപഠനം

ഭാഷ ആശയവിനിമയത്തിനുള്ളതാണ്. ദൈനംദിന ജീവിതാവശ്യങ്ങൾക്കുവേണ്ടിയുള്ള ആശയ വിനിമയം മാത്രമല്ല ഇതുകൊണ്ടർഥമാക്കുന്നത്. സമൂഹജീവിയായ കുട്ടിക്ക് വിവിധ ആശയ മേഖലകളുമായി ബന്ധമുള്ള ചിന്തകൾ, വികാരങ്ങൾ, സാംസ്കാരിക മൂല്യങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളാനും തദനുസൃതമായ പ്രതികരണങ്ങൾ നടത്താനും കഴിയേണ്ടതുണ്ട്. നമ്മുടെ സംസ്കാരവുമായി ബന്ധമുള്ള ഭാഷാസാഹിത്യരൂപങ്ങളെ വായിച്ചുഗ്രഹിക്കുകയും ആസ്വദിക്കുകയും വ്യാഖ്യാനിക്കുകയും രചനകളിലേർപ്പെടുകയും പങ്കുവെയ്ക്കുകയും ചെയ്യുന്നതിലൂടെ ഭാഷാപരമായ കഴിവുകൾ വളർത്തുന്ന വ്യവഹാരാധിഷ്ഠിത ഭാഷാപഠനരീതിയാണ് നാം സ്വീകരിച്ചിട്ടുള്ളത്.

ഭാഷ നമുക്ക് അനുഭവവേദ്യമാകുന്നത് കഥ, കവിത, നാടകം, സംഭാഷണം, വിവരണം, വർണന, അറിയിപ്പുകൾ, പോസ്റ്ററുകൾ, ഡയറിക്കുറിപ്പുകൾ തുടങ്ങി ചെറുതും വലുതുമായ വിവിധ ഭാഷാവ്യവഹാരരൂപങ്ങളിലൂടെയാണല്ലോ. അതുകൊണ്ടു തന്നെ പദങ്ങൾ, പ്രയോഗങ്ങങ്ങൾ, വാക്യങ്ങൾ എന്നിങ്ങനെ ശകലീകൃതമായ ഘടകങ്ങൾക്കു പകരം സമഗ്രവും അർഥപൂർണവുമായ ഭാഷാവ്യവഹാരരൂപങ്ങളെ അടിസ്ഥാനമാക്കുന്നത് പഠിതാക്കൾക്ക് ഗുണകരമാണ്. നമ്മുടെ സംസ്കാരത്തിന്റെയും ജനജീവിതത്തിന്റെയും ഈടുവെയ്പുകളെ സ്വാംശീകരിക്കാൻ ഇതിലൂടെ കഴിയും. ഒപ്പം, ഓരോവ്യവഹാരരൂപത്തിലെയും ഭാഷാപ്രയോഗത്തിന്റെ സവിശേഷതകളെയും പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ തുടങ്ങിയ ഇതര ഘടകങ്ങളെയും അപഗ്രഥിച്ചുൾക്കൊള്ളാനും, പ്രയോഗിച്ച് ആർജ്ജിതജ്ഞാനത്തിന്റെ ഭാഗമാക്കാനും കഴിയും. അതായത്, നമ്മുടെ

ഭാഷയും സംസ്ക്കാരവും വഹിക്കുന്ന മൂല്യങ്ങളെ സന്നിവേശിപ്പിക്കുവാനും ഏതേതു സന്ദർഭങ്ങൾക്കുമിണങ്ങുന്ന രീതിയിൽ സർഗാത്മകമായി ഭാഷ പ്രയോഗിക്കുവാനുള്ള ആന്തരികശേഷി നേടിക്കൊടുക്കാനുമാണ് വ്യവഹാരരൂപങ്ങളെ അടിസ്ഥാനമാക്കുന്ന ഭാഷാപഠനം ലക്ഷ്യമിടുന്നത്.

**നാലാംതരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭാഷാവ്യവഹാര രൂപങ്ങൾ (ഭാഗം 1)**

| മുഖ്യപാഠസാമഗ്രി | കർത്താവ്/ വ്യവഹാരരൂപം | കുട്ടി നിർമിക്കേണ്ട മുഖ്യ വ്യവഹാര രൂപം |
|---|---|---|
| 1 ഹൃദയത്തിലെ പൂന്തോപ്പ് | • ആഫ്രിക്കൻ നാടോടിക്കഥ (പുനരാഖ്യാനം | • വർണന<br>• കഥ<br>• സംഭാഷണം |
| 2 മഴ കണ്ടകുട്ടി | • കെ.കെ രാജാ/ കവിത | • കവിത |
| 3 ഒരു വെള്ളപ്പൊക്കത്തിന്റെ ഓർമ്മ | • വി.വി.കെ. വാലത്ത്/ അനുഭവ വിവരണം. | • അനുഭവവിവരണം. |
| 4 ഒടുക്കത്തെ ഉറവ | • കഥ | • വാർത്ത |
| 5 ഭീമന്റെ കുസൃതികൾ | • കുഞ്ചൻ നമ്പ്യാർ/ തുള്ളൽക്കവിത | • കുറിപ്പ് (ആസ്വാദനപരം)<br>• വിവരണം (വ്യക്തി) |
| 6 പുറപ്പാട് - ചിലമ്പിട്ട ഓർമകൾ | • വിവരണം<br>• നർത്തകരത്നം കൊടക്കാട് കണ്ണൻ പെരുവണ്ണാൻ/ ആത്മകഥാഭാഗം | • ആത്മകഥ* |
| 7 എൻ പ്രിയ നാടേ | • സുഗതകുമാരി/ കവിത | • കുറിപ്പ് (ആസ്വാദനപരം) |
| 8 പുഴകേഴുന്നു | • നാടകം | • നാടകം*<br>• അഭ്യർഥന* |
| 9 അമ്പിളി | • കുമാരനാശാൻ/ കവിത | • കവിത |
| 10 അദ്ഭുതഗുഹകളിലൂടെ | • എസ്.കെ.പൊറ്റക്കാട്/ യാത്രാ വിവരണഭാഗം | • യാത്രാവിവരണം*<br>• വായനാക്കുറിപ്പ് |

** നാലാംതരത്തിൽ പുതുതായി അവതരിപ്പിക്കുന്ന വ്യവഹാരരൂപങ്ങൾ*

### ഭാഷയിലെ അറിവുനിർമാണം

തനിക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നത്തിന്റെ പരിഹരണത്തിനുവേണ്ടി നടത്തുന്ന അന്വേഷണത്തിൽ തുടങ്ങി സമൂഹത്തെയും പരിസരത്തെയും പ്രയോജനപ്പെടുത്തിക്കൊണ്ടു നടത്തുന്ന പ്രവർത്തനങ്ങളിലൂടെ അറിവു നിർമിക്കുന്ന പ്രക്രിയ ഭാഷാപഠനത്തിന്റെ കാര്യത്തിൽ എങ്ങനെയാണ് കൃത്യമായി നടക്കുന്നതെന്ന് നോക്കാം.

### ഭാഷയുമായി ബന്ധപ്പെട്ട അറിവുനിർമാണപ്രക്രിയയുടെ ഘട്ടങ്ങൾ

- പ്രശ്നത്തിന്റെ അഭിമുഖീകരണം/ നിലവിലുള്ള അവസ്ഥ തിരിച്ചറിയൽ.
  - പ്രശ്നാനുഭവം (ആഖ്യാനം/ പത്രവാർത്ത/ സി.ഡി/ ചിത്രങ്ങൾ/ കാർട്ടൂൺ/ അനുഭവ വിവരണം...)
  - ചർച്ച

- നിലവിലുള്ള (പാഠപുസ്തകത്തിലുള്ളത് / ടീച്ചർ നിർദേശിക്കുന്നത്) ആവിഷ്കാരങ്ങളെ പരിശോധിക്കൽ.
  - വായന (കഥ/ കവിത/....) (വ്യക്തിഗതം, സഹവർത്തിതം, ടീച്ചറുടെ സഹായത്തോടെ...)
- അനുയോജ്യമായ ആവിഷ്ക്കാരങ്ങളിൽ/ പ്രകടനങ്ങളിൽ ഏർപ്പെടൽ
  - വ്യക്തിഗത ഉദ്യമം
  - ഗ്രൂപ്പിൽ അവതരണം
  - ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ
  - ഗ്രൂപ്പിന്റെ അവതരണം
  - ടീച്ചറുടെ വക (Teacher version)
- പ്രശ്നത്തെക്കുറിച്ചുള്ള സാമൂഹ്യാവബോധം ശക്തമാക്കാനുതകുന്ന രീതിയിൽ രചന മെച്ചപ്പെടുത്തൽ. (1. ടീച്ചറുടെ നേതൃത്വത്തിൽ നടക്കുന്നത്. 2. കുട്ടികളുടെ ഗ്രൂപ്പിൽ നടക്കുന്നത്).
  - ആശയപരം
  - പദപരം
  - ശൈലീപരം
- ആവിഷ്കാരങ്ങൾ ചേർത്ത് (വിവിധ ഗ്രൂപ്പുകളുടെയും ടീച്ചറുടെയും) ക്ലാസിന് പൊതുവായ ഉല്പന്നം തയാറാക്കൽ.
  - ചുമർപത്രിക
  - ഇൻലന്റ് മാസിക
  - പതിപ്പുകൾ
  - പത്രം
  - ഓഡിയോ മാഗസിൻ
- കൂടുതൽ അന്വേഷണങ്ങളിലേക്ക് / പുതിയ പഠനപ്രശ്നത്തിലേക്ക്...

മേൽപ്പറഞ്ഞ ഘട്ടങ്ങളിലൂടെ അറിവ് നിർമാണം ഫലപ്രദമായി നടക്കണമെങ്കിൽ ഈ ഓരോ ഘട്ടത്തിലും ക്ലാസ്റൂം പ്രക്രിയയുടെ സൂക്ഷ്മതലം വിഭാവനം ചെയ്യുകയും പ്രത്യേക ശ്രദ്ധയും ഊന്നലും നൽകേണ്ട ഘട്ടങ്ങൾ തിരിച്ചറിയുകയും വേണം.

**പ്രശ്നത്തിന്റെ അഭിമുഖീകരണം/ നിലവിലുള്ള അവസ്ഥ തിരിച്ചറിയൽ**

- വൈകാരികമായി കുട്ടികളെ ഉണർത്തുന്നതാവണം തെരഞ്ഞെടുത്ത സാമഗ്രി.
- അനുഭവത്തിന്റെ ഭാവം കുട്ടികളിലേക്ക് പകരാൻ കഴിയുന്ന തരത്തിലുള്ളതാവണം അവതരണം - ശബ്ദത്തിന്റെ ഉയർച്ച താഴ്ചകൾ, മുഖഭാവം, ശരീരഭാഷ...
- പ്രശ്നത്തിന്റെ എല്ലാ വിശദാംശങ്ങളിലേക്കും പോകുന്നതരത്തിലുള്ള നീണ്ട ചർച്ചയ്ക്കു പകരം വൈകാരികമായ ഒരു ഉണർത്തലാണ് നടക്കേണ്ടത്.

**നിലവിലുള്ള ആവിഷ്കാരങ്ങളെ പരിശോധിക്കൽ**

- പാഠപുസ്തകത്തിലുള്ളതോ ലോക്കൽടെക്സ്റ്റായി ടീച്ചർ നിർദ്ദേശിക്കുന്നതോ ആയ വായനാ സാമഗ്രികളാണ് ഉപയോഗിക്കേണ്ടത്.

- വായനയിലൂടെ കേവല വിവരങ്ങളുടെ സ്വാംശീകരണം മാത്രമല്ല നടക്കേണ്ടത്. കുട്ടിയുടെ മനസ്സ് വായനാസാമഗ്രിയോടു പ്രതികരിക്കുന്ന തരത്തിലുള്ള ആശയഗ്രഹണവും ആസ്വാദനവും കൂടി നടക്കണം.
- ഇതിനു സഹായകമായ ഒരു പ്രവർത്തനമാണ് വ്യക്തിഗതവായനയ്ക്കു ശേഷം സംഘങ്ങളിൽ രചനയെ സംബന്ധിച്ചു നടത്തുന്ന സ്വതന്ത്ര ചർച്ച. എല്ലാ കുട്ടികളും സ്വന്തം പ്രതികരണങ്ങൾ പങ്കുവെയ്ക്കുന്നുവെന്നുറപ്പു വരുത്തണം.
  - ഏറ്റവും ശ്രദ്ധേയമായി തോന്നിയ ആശയം/ ഭാഗം
  - മനസ്സിലാകാത്ത ഭാഗങ്ങൾ/ ആശയങ്ങൾ
  - സംശയമുള്ള പദങ്ങൾ
  - വായിക്കുമ്പോൾ ഓർമ്മ വന്ന പൂർവാനുഭവം
  - സാമാനരചനകൾ, അനുഭവങ്ങൾ

  എന്നിങ്ങനെയുള്ള കാര്യങ്ങൾ പങ്കുവെയ്ക്കുകയും ചർച്ച ചെയ്യുകയും ചെയ്യുമ്പോൾ ആശയഗ്രഹണത്തിന്റെയും ആസ്വാദനത്തിന്റെയും പുതിയ ആഴങ്ങളിലേക്ക് പോകാൻ കുട്ടികൾക്കു സാധിക്കും.
- ആശയഗ്രഹണം, വ്യാഖ്യാനക്ഷമത, ആസ്വാദനശേഷി എന്നിവ വളർത്തുന്നതിനുവേണ്ടി സ്വീകരിക്കാവുന്ന ഒരു തന്ത്രമാണ് മനോഭൂപട രൂപീകരണം (Mind mapping)

  വ്യക്തിഗതവായനയ്ക്കു ശേഷമോ സംഘങ്ങളിലെ സ്വതന്ത്രചർച്ചാനന്തരമോ യുക്തമായ ഘട്ടങ്ങളിൽ ഇതു പ്രയോജനപ്പെടുത്താം.
- രചന വായിക്കുമ്പോൾ/ വായനാനന്തരം ഗ്രൂപ്പിൽ ചർച്ച ചെയ്തപ്പോൾ മനസ്സിലേക്കു കടന്നുവന്ന സംഭവങ്ങൾ, വ്യക്തികൾ, ഓർമകൾ, വികാരങ്ങൾ, സ്വപ്നങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ കുട്ടികൾ രേഖപ്പെടുത്തട്ടെ. ആ രേഖപ്പെടുത്തലിന്റെ രീതിയും സ്വഭാവവുമെല്ലാം (Layout) കുട്ടികൾ തന്നെ നിശ്ചയിക്കട്ടെ.
- ഒരു പ്രത്യേക സമയത്തെ 'മനസ്സിന്റെ ചിത്രം' പ്രതിഫലിപ്പിക്കുന്ന ഈ ഷീറ്റ് പിന്നീടുള്ള രചനയെ കൂടുതൽ ആഴമുള്ളതാക്കാൻ സഹായിക്കും. ഇതിൽ ആശയങ്ങൾക്കു പുറമെ ചിന്തകളും വികാരങ്ങളും പ്രതികരണങ്ങളും എല്ലാം ഉൾക്കൊള്ളുന്നത് സർഗാത്മകതയെ കൂടുതൽ ഉത്തേജിപ്പിക്കും.
- പല നിലവാരത്തിലുള്ള കുട്ടികൾക്ക് ഓരോരുത്തരുടെയും തലത്തിലുള്ള രചനയിൽ ഏർപ്പെടാനുള്ള സാധ്യത, ആത്മവിശ്വാസം എന്നിവ വർധിപ്പിക്കാനും മനോഭൂപട രൂപീകരണം സഹായിക്കും.

**അനുയോജ്യമായ ആവിഷ്ക്കാരങ്ങളിൽ/ പ്രകടനങ്ങളിൽ ഏർപ്പെടൽ**

- വ്യക്തിഗത ഉദ്യമത്തിന് സമയം നൽകുന്നത് രചനയുടെ സ്വഭാവത്തിനനുസരിച്ചാവണം. ഗ്രൂപ്പിന്റെ പൊതു സൃഷ്ടിയുണ്ടാക്കലാണ് ലക്ഷ്യമെങ്കിൽ വ്യക്തിഗതരചനയ്ക്ക് ചെറിയ സമയം നൽകിയാൽ മതി. ആത്മാംശം കലർന്ന വൈയക്തിക രചനകളാണെങ്കിൽ ഒരു വട്ടം പൂർത്തീകരിക്കാൻ വേണ്ട സമയം നൽകണം.
- ഗ്രൂപ്പിൽ വ്യവഹാരരൂപങ്ങൾ അവതരിപ്പിച്ചു പങ്കുവെയ്ക്കുന്നതിനു മുമ്പായി, വ്യവഹാരരൂപം വിലയിരുത്തി അഭിപ്രായവും നിർദ്ദേശവും പറയുന്നതിനു സഹായകമായ സൂച

കങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ രൂപപ്പെടുത്തണം. സൂചകത്തെ അടിസ്ഥാനമാക്കി എല്ലാവരും സ്വന്തം നിരീക്ഷണങ്ങൾ പറയുന്നുവെന്നുറപ്പുവരുത്തണം.

- ഗ്രൂപ്പിന്റെ പൊതുവായ സൃഷ്ടിയുണ്ടാക്കാനാണ് ഉദ്ദേശ്യമെങ്കിൽ ഗ്രൂപ്പിൽ ചില ക്രമീകരണങ്ങൾ മുൻകൂട്ടിയുണ്ടാക്കണം.
  - ഏറ്റവും കുറച്ചെഴുതിയ/ ഒട്ടും എഴുതാത്ത (ആശയം മനസ്സിലുണ്ടാകാം) കുട്ടികൾക്ക് ആദ്യം പറയാനവസരം നൽകണം.
  - പറയുന്നതിനെ ക്രമപ്പെടുത്തി വാക്യമാക്കി പറയൽ, എല്ലാപേർക്കും നിശ്ചിതമായ ഊഴം നൽകി ചർച്ച നയിക്കൽ, ഗ്രൂപ്പിന്റെ ഉല്പന്നം എഴുതി തയാറാക്കൽ തുടങ്ങിയ ചുമതലകൾ കുട്ടികൾക്ക് നൽകുന്നത് കാര്യക്ഷമത വർദ്ധിപ്പിക്കും.
  - ചർച്ച നടക്കേണ്ടത് രൂപപ്പെടേണ്ട ഉല്പന്നത്തിന്റെ സൂചകങ്ങൾ (കുട്ടികളുടെ പങ്കാളിത്തത്തോടെ രൂപപ്പെടുത്തിയത്) വച്ചുകൊണ്ടാവണം. ഇത് ബോർഡിൽ പ്രദർശിപ്പിക്കാം.
- ഗ്രൂപ്പിന്റെ ഉൽപ്പന്നം/ ഗ്രൂപ്പിൽ നിന്ന് തെരഞ്ഞെടുത്ത ഒരു ഉല്പന്നം അവതരിപ്പിച്ചുള്ള ചർച്ചയും സൂചകങ്ങളെ അടിസ്ഥാനമാക്കിയാവണം.
- ടീച്ചർ വേർഷൻ അവതരിപ്പിക്കുന്നതിന് ആസൂത്രണ സമയത്തുതന്നെ വ്യവഹാരരൂപം ടീച്ചർ എഴുതി തയാറാക്കുകയും ടീച്ചിംഗ് മാന്വലിൽ രേഖപ്പെടുത്തുകയും ചെയ്യണം. ഇതുചെയ്യുന്നതിന് വ്യവഹാരരൂപത്തിന്റെ നിശ്ചിത ക്ലാസിലെ തലത്തെക്കുറിച്ച് ധാരണയുണ്ടാവണം. ഈ തലവും സവിശേഷതകളും പ്രതിഫലിക്കുന്നതും കുട്ടികൾക്ക് ഇങ്ങനെ രൂപപ്പെടുന്നതിലേക്ക് ക്രമേണ എത്താൻ സഹായിക്കുന്നതുമാവണം ടീച്ചർ അവതരിപ്പിക്കുന്നത്. ക്ലാസിൽ പ്രവർത്തനം നടക്കുമ്പോഴത്തെ നിരീക്ഷണങ്ങളിൽ നിന്ന് കുട്ടികൾക്കു ലഭിക്കേണ്ട തെളിവുകൾ എന്താണെന്ന് തിരിച്ചറിഞ്ഞ് അതിന്റെ അടിസ്ഥാനത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തിയാവണം ടീച്ചർ വേർഷൻ അവതരിപ്പിക്കേണ്ടത്. ഇത് കുട്ടികൾക്കൊപ്പം ക്ലാസിൽ വെച്ചു തന്നെ എഴുതി തയാറാക്കുന്നത് കുട്ടികളിൽ വിശ്വാസവും മതിപ്പുമുണ്ടാക്കും.

**■ പ്രശ്നത്തെക്കുറിച്ചുള്ള സാമൂഹ്യബോധം ശക്തമാക്കാനുതകുന്ന രീതിയിൽ രചന മെച്ചപ്പെടുത്തണം.**

- രചനമെച്ചപ്പെടുത്തുകയെന്നത് ഏതു രചയിതാവിന്റെയും സ്വാഭാവിക താൽപര്യമാണ്. മുതിർന്ന രചയിതാവിന്റെ കാര്യത്തിൽ രചനാവേളയിലും തുടർന്നും അത് ഒരു സ്വാഭാവിക പ്രക്രിയയായി നടക്കുന്നുണ്ട്. ഈയൊരു സംസ്ക്കാരം ക്രമേണ കുട്ടികളിലും രൂപപ്പെടണം. ഇതിനുള്ള ബോധപൂർവമായ ശ്രമത്തിന്റെ ഭാഗമായി ക്ലാസിൽ ഉപയോഗിക്കാവുന്ന ഒരു ബോധനശാസ്ത്രപരവുമായ തന്ത്രമാണ് (pedagogic tool) എഡിറ്റിംഗും മെച്ചപ്പെടുത്തലും (editing and refinement).
- ഗ്രൂപ്പിന്റെ ഉല്പന്നമായി രൂപപ്പെടുന്ന രചനകളെയാണ് ഇത്തരത്തിൽ എഡിറ്റിംഗിനു വിധേയമാക്കേണ്ടത്. ആത്മാംശം കലർന്ന/ വൈയക്തിക തലത്തിലുള്ള രചനകളെ ഇത്തരം എഡിറ്റിംഗിനു വിധേയമാക്കേണ്ടതില്ല. ഗ്രൂപ്പുല്പന്നങ്ങളുടെ എഡിറ്റിംഗിലൂടെ കിട്ടുന്ന തിരിച്ചറിവുകൾ ഇത്തരം രചനകളുടെ സ്വയം മെച്ചപ്പെടുത്തലിൽ കുട്ടികൾക്ക് പ്രതിഫലിപ്പിക്കാൻ കഴിഞ്ഞാൽ മതി.

- **തന്റെ പ്രതികരണം എത്രമാത്രം ശക്തമാണെന്ന പരിശോധന**

  വ്യക്തഗത ഉദ്യമത്തിനുശേഷമുള്ള പലഘട്ടങ്ങളിലും സ്വന്തം രചനകളിലേക്ക് തിരിഞ്ഞുനോക്കാനും പങ്കുവെക്കലിലൂടെ കിട്ടിയ തിരിച്ചറിവുകൾ പ്രയോജനപ്പെടുത്താനും അവസരമുണ്ട്. എഡിറ്റിംഗിനുശേഷം കുറെകൂടി തെളിച്ചത്തോടുകൂടി സ്വയം വിലയിരുത്തി മെച്ചപ്പെടുത്താനാണ് ഇവിടെ ലക്ഷ്യമിടുന്നത്.

- **ക്ലാസിന് പോതുവായ ഉല്പന്നം തയാറാക്കൽ**

  സ്വന്തം രചനകളെ മറ്റാരെങ്കിലും പറയുന്നതിന്റെ പേരിൽ മെച്ചപ്പെടുത്തുകയെന്നത് യാന്ത്രികവും ആവശ്യബോധമില്ലാത്തതുമാവും. എന്നാൽ ആന്തരികമായ ചോദനയും മെച്ചപ്പെടുത്തുന്നതിലൂടെ കിട്ടാവുന്ന അംഗീകാരത്തിന്റെ പിൻബലവുമുണ്ടെങ്കിൽ അത് കൂടുതൽ സ്വാഭാവികവും ആവശ്യാധിഷ്ടിതവുമാകും. ഇതിനുള്ള സ്വയം പ്രകടന - പ്രകാശന സങ്കേതങ്ങൾ എന്ന നിലയിലാണ് ചുമർപത്രിക, ഇൻലന്റ് മാസിക, പതിപ്പുകൾ, പത്രം ഓഡിയോ മാഗസിൻ തുടങ്ങിയവയെ പ്രയോജനപ്പെടുത്തേണ്ടത്. ഇതിൽ വ്യക്തികൾക്ക് മതിയായ ഇടം, വൈവിധ്യപൂർണമായ ചുമതലകൾ എന്നിവ ഉറപ്പുവരുത്തുകയും വേണ്ട പിന്തുണ നൽകുകയും ചെയ്യണം. ലിഖിത പ്രകടനം പോലെ തന്നെ പ്രധാനമാണ് വാചിക - അഭിനയ പ്രകടനങ്ങളും. ഇതിനുള്ള നല്ല അവസരങ്ങളായി ബാലസഭകളെയും സാഹിത്യവേദികളെയും പ്രയോജനപ്പെടുത്തണം. കേവലം പാട്ടുപാടലും മിമിക്രി അവതരിപ്പിക്കലും എന്ന തലത്തിൽക്കാണാതെ വ്യത്യസ്തങ്ങളായ വ്യവഹാരരൂപങ്ങൾ ചിട്ടപ്പെടുത്തി അവതരിപ്പിച്ച് കുട്ടികൾക്ക് അത്മവിശ്വാസവും പ്രചോദനവും ലഭിക്കാനായി ബാലസഭാ, സാഹിത്യവേദി പരിപാടികൾ മുൻകൂട്ടി ആസൂത്രണം ചെയ്യേണ്ടതുണ്ട്.

## ക്ലാസിലെ അന്തരീക്ഷം

മേൽപ്പറഞ്ഞ രീതിയിലുള്ള സൂക്ഷ്മ ഘട്ടങ്ങളിലൂടെ വ്യവഹാരരൂപനിർമിതിയും അവതരണവും പങ്കുവെക്കലും മെച്ചപ്പെടുത്തലും നടക്കുന്ന ക്ലാസിൽ എല്ലാ കുട്ടികൾക്കും അവസരവും ശേഷീവികാസവും ഉറപ്പുവരുത്തുന്നതിന് ക്ലാസിലെ അന്തരീക്ഷത്തിന് വലിയ സ്ഥാനമുണ്ട്. ഏതു കുട്ടിയുടെയും ഏത്ര ചെറിയ നേട്ടങ്ങൾപോലും കാണാതെ പോകരുത്, അംഗീകരിക്കപ്പെടണം. ഇതിനു സഹായകമാവണം അധ്യാപികയുടെ വാക്കും പ്രവൃത്തിയും ശരീരഭാഷയും. താൻ പറയുന്ന/ എഴുതുന്ന കാര്യങ്ങൾ പിശകുണ്ടെങ്കിൽപോലും പരിഗണിക്കപ്പെടുമെന്ന വിശ്വാസമുണ്ടെങ്കിൽ മാത്രമേ കുട്ടികൾ തുടർന്നും ഭാഷപ്രയോഗിക്കാൻ സന്നദ്ധരാവുകയുള്ളൂ. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആദ്യമാദ്യം അവസരം നൽകുക, മുന്നോക്കം നിൽക്കുന്നവർക്ക് ഗ്രൂപ്പിൽ അവരുടെ ഉയർന്ന കഴിവു പ്രയോഗിച്ച് ഗ്രൂപ്പിനെ മുന്നോട്ടു നയിക്കാൻ പറ്റിയ ചുമതല (ഫെസിലിറ്റേഷൻ തലത്തിൽ - നേരിട്ടു കാര്യങ്ങൾ പറഞ്ഞു കോടുക്കുന്ന രീതിയിലല്ല) നൽകുക, സ്വയം പ്രകാശന പ്രകടന അവസരങ്ങൾ കൂടുതൽ സൃഷ്ടിക്കുക തുടങ്ങിയ തന്ത്രങ്ങൾ ഇതിനായി അധ്യാപിക പ്രയോഗിക്കണം.

## വായനമൂലയും ലൈബ്രറിയും

അധ്യാപികയുടെയോ മറ്റുള്ളവരുടെയോ പിന്തുണ അധികമില്ലാതെതന്നെ വ്യവഹാരരൂപനിർമിതിയിലും പ്രകാശന പ്രകടനങ്ങളിലും മുന്നിട്ടുനിൽക്കുന്നത് എങ്ങനെയുള്ള കുട്ടികളാണ്? എന്തുകൊണ്ട് ഒരു വിഭാഗം കുട്ടികൾ ഇക്കാര്യത്തിൽ പിന്നിലാവുന്നു? മറ്റുപല ഘടകങ്ങൾക്കുമൊപ്പം പ്രധാനപ്പെട്ട ഒരു ഘടകം ഇവർക്കു കിട്ടിയ ആർജിതജ്ഞാനവും വായനാനുഭവവു

മാണ്. ഇക്കാര്യത്തിൽ അവസരങ്ങൾ കുറച്ചു മാത്രം കിട്ടിയ/ കിട്ടുന്ന കുട്ടികൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ ഈ അനുഭവങ്ങൾ സമൃദ്ധമായി ഉണ്ടാക്കിയാലേ അവരെയും മറ്റുകുട്ടികൾക്കൊപ്പമെത്തിക്കാൻ കഴിയൂ. ക്ലാസ്റൂ പ്രക്രിയയ്ക്ക് താങ്ങായി വർത്തിക്കുന്ന തരത്തിൽ ഇവരെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരണം. അത്തരം കുട്ടികളുടെ മുന്നനുഭവവും വായനാതലവും പരിഗണിച്ചുകൊണ്ട് വായനമൂലയിൽ നിലവാരം ക്രമീകരിച്ച് പുസ്തകങ്ങൾ/ മാസികകൾ എന്നിവ ഒരുക്കണം. സ്കൂൾ ലൈബ്രറിയിൽ നിന്ന് കുട്ടികൾക്കിണങ്ങിയ പുസ്തകങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനവും ഒരുക്കണം. ഇവർക്ക് വായനയുടെ കാര്യത്തിൽ മാതൃകയാവാനും പിന്തുണ നൽകാനും കഴിയുംവിധം അമ്മമാരുടെ വായന വളർത്തുന്നതരത്തിൽ സ്കൂൾ ലൈബ്രറിയെ ഉപയോഗപ്പെടുത്തലും (അമ്മമാരുടെ ലൈബ്രറി, അമ്മമാരുടെ വായനക്കൂട്ടം, അമ്മമാരുടെ ചുമർമാസിക/ പതിപ്പ്...) നടത്താം. ദീർഘകാലാടിസ്ഥാനത്തിൽ നോക്കിയാൽ ഈ വക പ്രവർത്തനങ്ങൾ ഇത്തരം കുട്ടികളെ മുന്നിലെത്തിക്കാനും അതുവഴി അധ്യാപികയുടെ തന്നെ പ്രവൃത്തിഭാരം കുറയ്ക്കാനും സഹായിക്കും.

### എഡിറ്റിംഗും മെച്ചപ്പെടുത്തലും

നിർദിഷ്ട വ്യവഹാരരൂപങ്ങൾ അതതിന്റെ തലത്തിലും സവിശേഷതയിലും രൂപപ്പെടുത്താൻ വേണ്ട അനുഭവങ്ങൾ ചാക്രികമായി നൽകുന്നതിലൂടെ കുട്ടിയിൽ ഭാഷാപഠനം നടക്കുന്നതിന് വഴിയൊരുക്കുകയാണല്ലോ വ്യവഹാരരൂപ തലത്തിലുള്ള ഭാഷാപഠനത്തിന്റെ രീതി. നിർമിക്കുന്ന വ്യവഹാരരൂപത്തിന്റെ ക്ലാസ് തലവും സവിശേഷതകളും സംബന്ധിച്ച അറിവ് കുട്ടിയിൽ രൂപപ്പെടുമ്പോഴേ ഇത് പൂർണതയിലെത്തുകയുള്ളൂ. വ്യക്തിഗത ഉദ്യമത്തിനുശേഷം ഗ്രൂപ്പിൽ പങ്കുവെക്കുമ്പോഴും ഗ്രൂപ്പുകളുടെ അവതരണ സമയത്തുമെല്ലാം സൂചകങ്ങൾ വച്ചു വിലയിരുത്തുമ്പോൾ ഈ ജ്ഞാനനിർമിതി നടക്കുന്നുണ്ട്. എങ്കിലും അധ്യാപികയുടെ ബോധപൂർവവും ആസൂത്രിതവുമായ ഇടപെടലിലൂടെ വ്യവഹാരരൂപത്തെ സംബന്ധിച്ചും അതിനൊപ്പം വ്യത്യസ്ത ഭാഷാഘടകങ്ങളെയും ഭാഷാ വസ്തുതകളെയും സംബന്ധിച്ചുമുള്ള അറിവുനിർമാണം പൂർണതയിലെത്തിക്കേണ്ടതുണ്ട്. ഇതിനുള്ള അവസരമായിട്ടാണ് എഡിറ്റിങ് പ്രക്രിയയെ പ്രയോജനപ്പെടുത്തുന്നത്. ഭാഷാപ്രയോഗത്തിൽ കുട്ടി വരുത്തുന്ന തെറ്റുകൾ/ പിശകുകൾ / പരിമിതികൾ ക്രമേണ പരിഹരിക്കലും ഇതിനൊപ്പം നടക്കുന്നുണ്ട്. എന്നാൽ എഡിറ്റിങ് കേവലം ഒരു തെറ്റുതിരുത്തൽ പ്രക്രിയ മാത്രമായി കാണരുത്.

ഭാഷാപ്രയോഗത്തിന്റെ കാര്യത്തിൽ കുട്ടികൾക്ക് ഒട്ടേറെ പിശകുകൾ ഉണ്ടാകാറുണ്ട്. ഇത് പഠനത്തിന്റെ ഭാഗമാണ്. കുട്ടികൾ വരുത്തുന്ന പിശകുകൾ പഠനം നടക്കുന്നു എന്നതിന്റെ തെളിവാണ്. എന്നിരുന്നാലും ഈ പിശകുകൾ തിരുത്തപ്പെടേണ്ടതാണ്. അത് തിരുത്തുന്നതിലുള്ള സമീപനത്തിനാണു പ്രാധാന്യം. കാണുമ്പോൾതന്നെ ഇവ തിരുത്തുന്നതിലുപരി സൃഷ്ടിപരമായ ഒരു സമീപനമാണു സ്വീകരിക്കേണ്ടത്.

താൻപറഞ്ഞത്/ എഴുതിയത് തെറ്റാണെന്നു കുട്ടിയോടുതന്നെ പറയുമ്പോൾ അത് അവന്റെ ആത്മവിശ്വാസത്തെ തകർക്കുന്നു. ഭാഷാപ്രകടനങ്ങളിൽ ഏർപ്പെടുന്നതിൽ നിന്ന് അവൻ പിന്നോട്ടുപോകുന്നു. അതുകൊണ്ടുതന്നെ വ്യക്തിപരമായി വരുത്തുന്ന തെറ്റുകൾ മാർക്കുചെയ്യുകയോ മറ്റുള്ളവരുടെ മുമ്പാകെ തുറന്നുകാട്ടുകയോ ചെയ്യുന്നത് അഭികാമ്യമല്ല. കുട്ടികൾ ഗ്രൂപ്പ് പ്രവർത്തനത്തിന്റെ ഭാഗമായി ഉണ്ടാക്കുന്ന ഉല്പന്നങ്ങളിൽ വരുന്ന പിശകുകളും പോരായ്മകളും ക്ലാസിൽ പൊതുവായി കണ്ടെത്തുകയും അതിലേക്കു കുട്ടിയുടെ ശ്രദ്ധക്ഷണിക്കുകയും ബദലുകൾ നിർദ്ദേശിക്കുന്നതിന് അവസരമൊരുക്കുകയും ചെയ്യുന്ന സമീപനമാണു എഡിറ്റിംഗ് പ്രക്രിയയിൽ സ്വീകരിക്കേണ്ടത്.

## വ്യവഹാരരൂപത്തിലെ പോരായ്മകൾ കണ്ടെത്തൽ

നാലാം ക്ലാസിൽ പ്രധാനമായും ആശയതലത്തിലും വാക്യതലത്തിലും പദതലത്തിലും അക്ഷരം, ചിഹ്നം എന്നിവയിലുമുണ്ടാകുന്ന പരിമിതികളാണ് പരിഹരിക്കേണ്ടത്.

### ◆ ആശയതലം

നിശ്ചിത വ്യവഹാരരൂപത്തിൽ എന്തെല്ലാം ആശയങ്ങളാണോ ഉൾച്ചേർന്നു വരേണ്ടത്, അതിൽ എത്രമാത്രം അപൂർണ്ണതയുണ്ട് എന്നതിനെ അടിസ്ഥാനമാക്കിയാകണം എഡിറ്റിംഗ് നടത്തേണ്ടത്.

ഒരു ഗ്രൂപ്പുല്പന്നം രൂപപ്പെട്ടുവന്നപ്പോൾ ഗ്രൂപ്പിലെ അംഗങ്ങൾ ഓരോരുത്തരും തങ്ങളുടെ ആശയങ്ങൾ പങ്കുവച്ചിട്ടുണ്ടാകും. ഈ പ്രക്രിയയിലൂടെ ആശയപൂർണ്ണത കൈവരിക്കാത്ത ഉല്പന്നമാണ് എഡിറ്റിംഗിനു വിധേയമാകുന്നത്.

കുട്ടികളുടെ മുമ്പാകെ ഗ്രൂപ്പിന്റെ ഉല്പന്നം പ്രദർശിപ്പിച്ച് ക്ലാസിലെ എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ ആശയപൂർണത വരുത്തുന്ന പ്രക്രിയയാണ് ആദ്യം നടക്കേണ്ടത്. മറ്റു ഗ്രൂപ്പുകളുടെ ഉല്പന്നം താരതമ്യം ചെയ്യുന്നതിലൂടെയും 'ടീച്ചേഴ്സ് വേർഷൻ' പരിചയപ്പെടുന്നതിലൂടെയും ആശയപരമായ മികവിൽ എത്തുന്നതിനു സാധിക്കും. വരേണ്ട ആശയവുമായി ബന്ധപ്പെട്ട പരോക്ഷ ചോദ്യങ്ങളിലൂടെ അധ്യാപിക ഇതിൽ ഇടപെടണം.

### ◆ ചിഹ്നനം

ഒരു വാക്യം പൂർണ്ണമാകുന്നത് എവിടെയാണ്, ആ വാക്യം ഒരു ചോദ്യത്തെയോ അതിശയോക്തി ചേർന്ന ഒരു പ്രസ്താവനയെയോ പ്രതിനിധീകരിക്കുന്നതാണോ? അങ്ങനെയെങ്കിൽ അവ വേർതരിച്ചറിയുന്നതിന് എന്തെല്ലാം അടയാളങ്ങളാണ് രേഖപ്പെടുത്താറുള്ളത് തുടങ്ങിയ കാര്യങ്ങളിൽ കുട്ടി ധാരണ നേടേണ്ടതുണ്ട്. വാക്യത്തിന്റെ അതിരുകൾ നിർണയിച്ചശേഷമായിരിക്കണം വാക്യത്തിനുള്ളിലുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടത്.

**വാക്യങ്ങളിൽ ചിഹ്നത്തിനുള്ള സാധ്യതകൾ**

- ചോദ്യങ്ങൾ
- അതിശയോക്തിപരമായ പ്രസ്താവനകൾ
- വാക്യത്തിനകത്ത് ഊന്നൽ നൽകുന്ന വാക്കുകൾ, വാചകങ്ങൾ
-
-
-
-

ചിഹ്നനം സംബന്ധിച്ച പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കും? കുട്ടിയുടെ ശ്രദ്ധയിൽ കൊണ്ടുവരിക തന്നെയാണു വഴി. പക്ഷേ നേരിട്ടു ചൂണ്ടിക്കാണിക്കാതെ, ചിഹ്നപ്പിശകുകൾ കണ്ടെത്താൻ സഹായകമായ ചോദ്യങ്ങളിലൂടെ കുട്ടിയുടെ ശ്രദ്ധക്ഷണിക്കാം. കുട്ടികൾ കണ്ടെത്തിക്കഴിഞ്ഞാൽ ഗ്രൂപ്പുല്പന്നത്തിൽത്തന്നെ ശരിയാക്കി എഴുതാം.

ടീച്ചർ വേർഷൻ പരിചയപ്പെടുന്നതിലൂടെ ശരിയായ രൂപം കാണാൻ അവസരം ഒരുക്കാം.

പാഠഭാഗം/വായനാസാമഗ്രി എന്നിവയുടെ സഹായത്തോടെ ചിഹ്നത്തെക്കുറിച്ച് ധാരണ ഉണ്ടാക്കാം.

## ◆ ശൈലി

### ■ നാമപദങ്ങളുടെ ആവർത്തനം

നാമപദം പലതവണ ആവർത്തിക്കുന്ന രീതിയിലുള്ള രചനകൾ കണ്ടുവരാറുണ്ട്. ഒരിക്കൽവന്ന നാമത്തിനു പകരം പിന്നീട് സർവനാമങ്ങൾ ഉപയോഗിക്കാം എന്ന ധാരണയില്ലായ്മയാണ് ഇത്തരം പിശകുകൾക്ക് വഴിവയ്ക്കുന്നത്.

രമേശൻ മലമുകളിൽനിന്ന് താഴേക്കിറങ്ങിവരുമ്പോൾ വഴിയിൽ രമേശൻ ഒരു പുലിയെ കണ്ടു. ഇവിടെ രമേശൻ എന്ന് വീണ്ടും പ്രയോഗിക്കേണ്ട ആവശ്യമുണ്ടോ? ഇത് കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ചോദ്യങ്ങൾ പരോക്ഷമായി ഉന്നയിക്കുകയും പകരം പ്രയോഗിക്കാവുന്നത് എന്താണെന്ന് ക്ലാസ്സിൽ പൊതുചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യാം.

### ■ വാക്യഘടനയുടെ ആവർത്തനം

ഒരു വ്യവഹാരരൂപത്തിൽത്തന്നെ കർത്താവ്, കർമ്മം, ക്രിയ ഇവ എല്ലാ വാക്യങ്ങളിലും ഒരുപോലെ വരുന്ന രീതിയിൽ കുട്ടികൾ രചന നടത്താറുണ്ട്. ഇത് വിരസത ഉളവാക്കുന്നതാണെന്ന തിരിച്ചറിവാണ് ആദ്യം ഉണ്ടാകേണ്ടത്. വാക്യഘടന മാറ്റിയാൽ ഇതു പരിഹരിക്കാൻ കഴിയും.

പശു പാൽ തരുന്നു
പശു പുല്ലു തിന്നുന്നു.

ഇതിനു പകരം 'അതു തിന്നുന്നത് പുല്ലാണ്' എന്ന മാറ്റം ഉളവാക്കുന്ന ഭാവവ്യത്യാസം കാണുക.

ഇവിടെ തിരുത്തപ്പെടേണ്ട കാര്യത്തിലേക്ക് കുട്ടിയുടെ ശ്രദ്ധ കൊണ്ടുവരികയും രചനാശൈലിയിൽ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത അവൾ തിരിച്ചറിയുകയും വേണം.

### ■ വാക്യങ്ങൾ ബന്ധിപ്പിക്കാതെ എഴുതൽ

രാജു വന്നു. രാധ വന്നു.

ഇതുപോലെ വാക്യങ്ങൾ വേർപ്പെടുത്തി എഴുതുന്ന രീതി കുട്ടികൾ സ്വീകരിക്കാറുണ്ട്. ഇവ ബന്ധിപ്പിച്ച് എഴുതുമ്പോൾ വാക്യത്തിനുണ്ടാകുന്ന ഭംഗിയാണ് ഇവിടെ കുട്ടി അറിയേണ്ടത്.

## ◆ വാക്യഘടന

വാക്യഘടനയിൽ വരുത്തുന്ന തെറ്റുകൾ പ്രധാനമായും പദം വിട്ടുപോകലും, തെറ്റായ പദക്രമവും അധികപദങ്ങളുടെ ഉപയോഗവുമാണ്.

ഗ്രൂപ്പിന്റെ ഉൽപ്പന്നത്തിൽ കാണാൻ കഴിഞ്ഞ വാക്യഘടനാപരമായ പിശകുകൾ കുട്ടിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ശരിയായ ഘടന ക്ലാസിൽ രൂപപ്പെടുകയും ചെയ്യുകയാണ് വേണ്ടത്.

## ◆ പദഘടന

പദഘടനാപരമായ പിശകുകൾ വാചികപ്രയോഗത്തിൽ വന്നതുപോലെ തന്നെ ലേഖനത്തിലും വരാം. ഇവിടെയും രചനകളിൽ വന്ന പിശക് കുട്ടിയുടെ ശ്രദ്ധയിൽപ്പെടുത്തി ശരിയായ രൂപം കണ്ടെത്തുകയാണു വേണ്ടത്.

### അക്ഷരം

പ്രാഥമികഘട്ടമെന്ന നിലയിൽ അക്ഷരപ്പിശകുകൾ മൂന്നാംക്ലാസിലും കണ്ടേക്കാം. അക്ഷരങ്ങൾ വിട്ടുപോകൽ, മാറിപ്രയോഗിക്കൽ, സ്വരചിഹ്നങ്ങൾ ഉപയോഗിക്കാതിരിക്കൽ എന്നിവയാണ് പ്രധാനമായി വരുന്ന പിശകുകൾ. ഇതിൽ അക്ഷരങ്ങളിൽ വരുന്ന പിശകുകളും സ്വരചിഹ്നങ്ങളിൽ വരുന്ന പിശകുകളും പ്രത്യേകമായിത്തന്നെ പരിഗണിക്കണം. പറയുന്നതുപോലെ തന്നെ എഴുതുന്നു എന്നതാണ് അക്ഷരപ്പിശകുണ്ടാകാൻ പ്രധാന കാരണം. (ഉദാ: 'പൈസ' എന്നതിന് 'പയിസ' എന്നെഴുതുന്നു) ഇവിടെ ശരിയായ ഉച്ചാരണത്തിന്റെ അഭാവമാണു പിശകിലേക്കു നയിക്കുന്നത്. പറയുന്നതുപോലെ എഴുതുന്ന കുട്ടികൾക്കു ശബ്ദത്തെയും അതിന്റെ ലിഖിതരൂപത്തെയും ബന്ധപ്പെടുത്താൻ കഴിവുണ്ട്. ഇങ്ങനെയുള്ള സ്വനിമ അവബോധം ഉള്ളതുകൊണ്ടാണു പറയുന്നതുപോലെതന്നെ എഴുതാൻ കഴിയുന്നത്. ശരിയായ ഉച്ചാരണം തിരിച്ചറിഞ്ഞാൽ ഈ പിശക് ഒഴിവാകും.

തെറ്റിയ അക്ഷരം വരുന്ന പദങ്ങൾ ആവർത്തിച്ചെഴുതിയതുകൊണ്ട് അക്ഷരപ്പിശകുകൾ തിരുത്തപ്പെടില്ല. തെറ്റുന്ന അക്ഷരങ്ങൾ കൂടുതൽ കടന്നുവരുന്ന വ്യവഹാരരൂപങ്ങൾ (വ്യത്യസ്ത അക്ഷരങ്ങളോടു നിർദ്ദിഷ്ട അക്ഷരം കൂടിച്ചേർന്നുവരുന്ന പദങ്ങൾ ഉൾപ്പെട്ട വ്യവഹാരരൂപം) രൂപീകരിച്ചുകാണാനും എഴുതാനുമുള്ള അവസരം ഉണ്ടാക്കിക്കൊടുത്തുകൊണ്ടായിരിക്കണം ഈ പ്രശ്നം പരിഹരിക്കേണ്ടത്.

### വിന്യാസം

രചനാപ്രവർത്തനത്തിന്റെ ഭാഗമായി രൂപംകൊണ്ട ഉല്പന്നത്തിന്റെ ഒറ്റനോട്ടത്തിലുള്ള ആകർഷണീയത അതിന്റെ വിന്യാസത്തെ ആശ്രയിച്ചിരിക്കും. പദങ്ങൾ തമ്മിലും വാക്യങ്ങൾ തമ്മിലും അകലം പാലിച്ചുകൊണ്ടുള്ള എഴുത്ത്, വരികൾക്കിടയിൽ അകലം പാലിച്ചുകൊണ്ടുള്ള എഴുത്ത്, വരികൾ വളയാതെയുള്ള എഴുത്ത്, ശീർഷകമെഴുതൽ എന്നിവ വിന്യാസവുമായി ബന്ധപ്പെട്ട ഘടകങ്ങളാണ്.

കുട്ടികൾക്ക് വിന്യാസത്തെ സംബന്ധിച്ച ധാരണ ലഭിക്കാൻ ടീച്ചർവേർഷൻ, പാഠപുസ്തകം, വായനാസാമഗ്രികൾ എന്നിവ സഹായകമായിരിക്കും.